14/03/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S    Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/03/2026

1. നഗരപ്രദേശങ്ങളിൽ കൃഷിരീതികൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെ (CAITT) ആഭിമുഖ്യത്തിൽ ടെറസ് ഫാമിംഗിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വീടിന്റെ പരിമിതമായ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എങ്ങനെ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാം എന്നതിന് മുൻഗണന നൽകിയാണ് പരിശീലനം. നഗരങ്ങളിലെ പരിമിതമായ സ്ഥലത്ത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാ സാങ്കേതിക വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ "ഹാൻഡ്ബുക്ക് ഓൺ അർബൻ അഗ്രിക്കൾച്ചർ" എന്ന പുസ്തകവും, കൃഷി സംബന്ധമായ സംശയങ്ങൾ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി ദൂരീകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ https://www.urbanagri.coav.in എന്ന ഇ-കോമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമും സഹായകമാണ്. പരിശീലനത്തിൽ ടെറസിലെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിരീതികൾ, പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്ന വിധം, കീടരോഗ നിയന്ത്രണം, ജലസേചന സംവിധാനങ്ങൾ, നൂതന കൃഷിരീതികളായ ഹൈഡ്രോപോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകുന്നു. 'മട്ടുപ്പാവ് കൃഷി' എന്ന വിഷയത്തിൽ അടുത്ത ബാച്ചുകളിലേക്കുള്ള പരിശീലനം മാർച്ച് 17-ന് സി. അച്യുതമേനോൻ ഫൗണ്ടേഷൻ പൂജപ്പുര, വെച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും caittvellayani@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ 8891540778 എന്ന ഫോൺ നമ്പറിലോ (9 മുതൽ 5 മണി വരെ) ബന്ധപ്പെടാവുന്നതാണ്.

2. പട്ടാമ്പി സെൻട്രൽ ഓർച്ചെഡിൽ ഫാം ടൂറിസം പദ്ധതിയിൽ ഓക്സിജൻ പാർക്ക് ഒരുങ്ങി. സെൻട്രൽ ഓർച്ചെഡ് സൗത്ത് ബ്ലോക്കിലെ 16 ഏക്കർ സ്ഥലത്ത് ആണ് പട്ടാമ്പി ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഓക്സിജൻ പാർക്ക് ഒരുക്കിയിരിക്കുന്നത്. നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികളുടെ പാർക്ക്, ഏറുമാടങ്ങൾ, ഓപ്പൺ തിയറ്റർ, വിവിധ കാർഷിക വിളകളുടെ നടീൽ വസ്തുക്കൾ, മൂല്യവർധിത ഉൽപന്നങ്ങൾ ലഭിക്കുന്ന സ്റ്റാളുകൾ എന്നിവ നിലവിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പൂർത്തിയാക്കിയിട്ടുണ്ട്. പാർക്ക് വിനോദത്തിനും വിശ്രമത്തിനും കാർഷിക അറിവുകൾ നേടാനും ഉപകരിക്കുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ഹൈടെക് കൃഷി" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 മാർച്ച് 26** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ഏപ്രിൽ 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു.MOOCപ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതണ് . ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മാർച്ച്**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

26 മുതൽ യുസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

4. കേരള വെറ്ററിനറി യുണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തിയിൽ വച്ച് ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ് – നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 17.03.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219 എന്ന മൊബൈൽ നമ്പറിലോ 0487-2961100 എന്ന ലാൻഡ് ഫോൺ നമ്പറിലോ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി 15.03.2026 വൈകിട്ട് 5 മണി വരെ.

## കാർഷിക നിർദേശം

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പയർ അല്ലെങ്കിൽ പച്ചില വളച്ചെടികളുടെ വിത്ത് പാകാവുന്നതാണ്. പയർ വിത്താണെങ്കിൽ ഹെക്ടറിന് ശരാശരി 60 കിലോഗ്രാമും, ഡെയിഞ്ച പോലുള്ള പച്ചില വളച്ചെടികൾക്ക് ഹെക്ടറിന് 20 കിലോഗ്രാം വിത്തും ആവശ്യമാണ്.

നാം ഇന്നൽമേഷൻ ബ്യൂറോ, തിരുവനന്തപുരം